# വി.ഒ.യു.പി. സ്കൂൾ
പുനലൂർ

അക്കാദമിക

# മാസ്റ്റർ പ്ലാൻ

അക്കാദമിക മികവാണ്
വിദ്യാലയ മികവെന്ന്
തെളിയിച്ച വിദ്യാലയം



## സ്റ്റുഡന്റ്സ് ഹോളിസ്റ്റിക് ഡവലപ്മെന്റ് സെന്റർ തുറന്നു

ഓരോ കുട്ടിയിലെയും
സാധ്യതയെ
കണ്ടെത്തുന്ന വിദ്യാലയം

# അക്കാദമിക മാസ്റ്റർ പ്ലാൻ

മുഖ്യസംഘാടനം
**പ്രീത പി. കുഞ്ഞ്**



പഠനം വേറിട്ടതാക്കി പുരസ്കാരം തേടിയെത്തി

# ഉള്ളടക്കം


- ആമുഖം
- കാഴ്ചപ്പാട്
- ലക്ഷ്യങ്ങൾ
- അവസ്ഥാപഠനരേഖ
- പ്രവർത്തനരൂപരേഖ
- വിലയിരുത്തൽരേഖ


മികച്ച പിടിഎ: പുനലൂർ വിഒ യുപിഎസ് സംസ്ഥാനത്ത് രണ്ടാമത്

# ആമുഖം

കൊല്ലം ജില്ലയുടെ കിഴക്കൻപ്രദേശമായ തോട്ടംമേഖലയിലെ തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണജ്ഞത്തിന്റെ ഭാഗമായി 2018 ൽ മൂന്ന് വർഷത്തേക്കുള്ള അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയതുമൂലം കോവിഡ് മുഖാന്തിരം 2020–21 വർഷം മുതൽ രണ്ട് വർഷക്കാലം കുട്ടികളുടെ സാധാരണ സ്കൂൾ ജീവിതം മുടങ്ങിയെങ്കിലും വിവിധങ്ങളായ തലങ്ങളിലൂടെ കുട്ടികൾക്ക് അക്കാദമിക അന്തരീക്ഷമൊരുക്കുന്നതിന് സഹായകമായി.

2018ൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനിലെ നയരേഖകൾ കലയനാട് കാർഷിക വിപണിഹാളിൽ പ്രത്യേക വിദ്യാഭ്യാസ ഗ്രാമസഭ വിളിച്ച്ചേർത്ത് നയപ്രഖ്യാപനം നടത്തുകയുണ്ടായി. പ്രസ്തുത നയരേഖകൾ നടപ്പിലാക്കിക്കൊണ്ട് ഓരോ വർഷവും നൂതനമായ അക്കാദമിക മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് സ്കൂൾ മുന്നേറുന്നു...




## കാഴ്ചപ്പാട്

സ്കൂളിലെ ഒരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കുവാൻ ഉതകുന്നരീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും ഒരുക്കുക.

## ലക്ഷ്യങ്ങൾ

- വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുക.
- പങ്കാളിത്ത സ്വാഭാവത്തോടുകൂടി പഠനപ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- കലാ-കായിക-പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ എല്ലാകുട്ടികളും സജീവമായി ഇടപെടുന്ന രീതിയിൽ സംവിധാനങ്ങളൊരുക്കുക.
- സ്കൂളിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
- വിദ്യാർത്ഥി സൗഹൃദ സ്കൂൾ കാമ്പസ് രൂപീകരിക്കുക.
- അദ്ധ്യാപകർ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാലഘട്ടത്തിന്റെ വളർച്ചയ്ക്കനുസൃതമായി അറിവുകൾ പുനർനിർമ്മിക്കുന്നതിനും അതിനനുസൃതമായി പഠനപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സാഹചര്യമൊരുക്കുക.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലും അദ്ധ്യാപകരും അദ്ധ്യാപകരും തമ്മിലും അദ്ധ്യാപകരും രക്ഷാകർത്താക്കളും തമ്മിലും അദ്ധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ രൂപീകരിക്കുക.
- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയം സജ്ജമാക്കുക.
- പാർശ്വവത്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികൾക്ക് അക്കാദമിക ഗുണനിലവാരമുറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

# അവസ്ഥാപഠനരേഖ - 1

2018ൽ വിദ്യാഭ്യാസ ഗ്രാമസഭയിലെ
നയപ്രഖ്യാപനവുമായി
ബന്ധപ്പെട്ട് നടത്തിയ
സോഷ്യൽ
ഓഡിറ്റിംഗ്‌രേഖ



# കലയനാട് സ്കൂളിൽ വിദ്യാഭ്യാസ ഗ്രാമസഭ

കലയനാട് വി.ഒ.യു.പി. സ്കൂളിൽ നടന്ന വിദ്യാഭ്യാസ ഗ്രാമസഭ മന്ത്രി കെ.രാജു ഉദ്ഘാടനം ചെയ്യുന്നു

പുനലൂർ ▸ കലയനാട് വി.ഒ.യു. പി. സ്കൂളിൽ വിദ്യാഭ്യാസ ഗ്രാമ സഭ. സ്കൂളിന്റെ നയരേഖ പ്രകാ ശനം ചെയ്യുന്നതിനുവേണ്ടിയായി രുന്നു ഇത്. സ്കൂളിന്റെ അക്കാദ പ്രവർത്തനങ്ങളുടെ നില ...ന്താരം തലത്തിലേക്ക് ...തിയുടെ ഭാഗ

വർഷവും സോഷ്യൽ ഓഡിറ്റ് ഓ് നടത്തും. മൂന്നാംവർഷം വീണ്ടും വിദ്യാഭ്യാസ ഗ്രാമസഭ വിളിച്ചുചേർത്ത വിദ്യാഭ്യാസ വിദഗ്ധരുടെ നോട്ടത്തിൽ കുട്ടികളുടെ ദമിക നിലവാരത്ത... മയ പ്രക...

## പ്രഖ്യാപനം

1

ഏഴാം ക്ലാസ്സിലെ 10% കുട്ടികൾ യു.എസ്. എസ്. സ്കോളർഷിപ്പ് 2021ൽ നേടും


ഒരു വർഷം മുമ്പ് അതായത് 2020ൽ 18% കുട്ടികൾ സ്കോളർഷിപ്പ് നേടി. സബ്ജില്ലാതല വിജയശതമാനം 2 % ൽ താഴെ ആയിരിക്കുമ്പോഴാണ് നമ്മുടെ വിദ്യാലയം ഈ നേട്ടം കൈവരിച്ചത് എന്നത് നമുക്ക് കൂടുതൽ അഭിമാനം നൽകുന്നു.

## നേടിയത്
















സ്കൂൾ വളപ്പ് ഇനി പാഠപുസ്തകമാകും

പ്രവ്യാപനം

2

# സ്കൂൾ കാമ്പസ് ഒരു പാഠപുസ്തകമായി മാറും.

## പിന്നിട്ട വഴികൾ

- ജലജീവികളുടെ ആവാസ വവ്യസ്ഥ ഒരുക്കാൻ കുളം നിർമ്മിച്ചു.
- സ്കൂൾ കാമ്പസിൽ 300 ൽപരം വ്യത്യസ്തമായ മരങ്ങൾ വച്ചു പിടിപ്പിച്ചു.
- ഔഷധസസ്യത്തോട്ടം തയ്യാറാക്കി.
- സ്കൂൾ പൂന്തോട്ടം ക്രമീകരിച്ചു.
- മരങ്ങളുടെ ചുറ്റും കെട്ടി കുട്ടികൾക്ക് ഇരിപ്പിടമൊരുക്കി.
- ഓപ്പൺ ക്ലാസ്സ് റൂം ക്രമീകരിച്ചു.
- സാമൂഹ്യശാസ്ത്രത്തിന്റെ പാഠഭാഗവുമായി ബന്ധപ്പെടുത്തി മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന സന്ദേശം ഉയർത്തിക്കൊണ്ട് ശുചിത്വപൂർണ്ണമായ റിംഗ് കമ്പോസ്റ്റ് സംവിധാനം ഏർപ്പെടുത്തി.
- അദ്ധ്യാപനവുമായി ബന്ധപ്പെട്ട് ഓരോ അദ്ധ്യായവും കഴിയുമ്പോൾ അതത് അദ്ധ്യായത്തിലെ പഠന നേട്ടങ്ങൾ ഏതൊക്കെ തലങ്ങളിൽ സ്കൂൾ കാമ്പസുമായി ബന്ധപ്പെടുത്തി നേരനുഭവങ്ങൾ കുട്ടിക്ക് നൽകാമെന്നുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുവാൻ അദ്ധ്യാപകർക്ക് നിർദ്ദേശം നൽകി.




വി.ഒ.യു.പി.സ്കൂൾ ടാലന്റ് ലാബ് ആകുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പദ്ധതി

പ്രഖ്യാപനം

## 3

## സ്കൂൾ ഒരു ടാലന്റ് ലാബായി മാറും.

സ്കൂൾ ഒരു ടാലന്റ് ലാബ്

### പിന്നിട്ട വഴികൾ

- കുട്ടികളുടെ താത്പര്യം, കഴിവുകൾ എന്നിവ കണ്ടെത്തി പരിശീലനം ആരംഭിച്ചു.
- പ്രഭാഷണ വേദികളിലൂടെ കടന്നുപോയ കുട്ടികൾ തത്സമയ പ്രഭാഷണോത്സവം സംഘടിപ്പിച്ചു.
- സംഗീതവേദിയിലെ കുട്ടികൾ കലോൽസവത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുകയും സമ്മാനം നേടുകയും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടുകയും ചെയ്തു.
- എല്ലാ വ്യാഴാഴ്ചയും ടാലന്റ് ലാബിന്റെ പ്രവർത്തനങ്ങൾ നടക്കുന്നു.


ഇവിടെയിനി പാഠപുസ്തകമില്ല
സർവം ഡിജിറ്റൽ

വിഒ യുപി സ്കൂൾ ഇനി പാഠപുസ്ത
രഹിത ഡിജിറ്റൽ വിദ്യാലയം

## പ്രഖ്യാപനം

**4**

ഏഴാം ക്ലാസ്സ് പഠനംപൂർത്തിയാക്കുന്ന കുട്ടികളിൽ **30 %** പേർ **എഗ്രേഡ്** നിലവാരത്തിൽ ഉള്ളവരായിരിക്കും.

## നേടിയത്

2019-2020, 2020-2021 എന്നീ അദ്ധ്യയന വർഷങ്ങളിൽ പ്രതീക്ഷിത നേട്ടം കൈവരിക്കുവാൻ സാധിച്ചു. എന്നാൽ 2021-22 അദ്ധ്യയനവർഷം പ്രതീക്ഷിത നേട്ടം കൈവരിക്കുവാൻ സാധിച്ചില്ല. തുടർന്നുള്ള വർഷങ്ങളിൽ പ്രതീക്ഷിത നേട്ടം കൈവരിച്ചുകൊണ്ടിരിക്കുന്നു. 2023-24 വർഷം മുതൽ എ ഗ്രേഡ് നേടുന്നവരുടെ എണ്ണം ०००വർദ്ധിക്കുന്നുണ്ട്.

## പ്രഖ്യാപനം

**5**

സ്കൂളിന്റെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തി **മികച്ച പഠനാന്തരീക്ഷം** ഒരുക്കും.

## നേടിയത്

- എല്ലാ ക്ലാസ്സ്റൂമുകളും നവീകരിച്ച് ഡസ്റ്റ് ഫ്രീയാക്കി.
- റോബോട്ടിക് ലാബ് ക്രമീകരിച്ചു.
- സ്റ്റുഡന്റ്സ് ഹോളിസ്റ്റിക് ഡെവലപ്മെന്റ് സെന്റർ ക്രമീകരിച്ചു.
- രണ്ട് സ്കൂൾ ബസുകൾ ക്രമീകരിച്ചു.
- എല്ലാ ക്ലാസ്സ്റൂമുകളിലും ലാപ്ടോപ്പ്, പ്രൊജക്ടർ, സൗണ്ട് സിസ്റ്റം, എന്നിവ ക്രമീകരിച്ചു.
- തുറന്ന പുസ്തകപ്പുര ക്രമീകരിച്ചു.
- കുട്ടികളുടെ ഉൽപന്നങ്ങൾ സൂക്ഷിക്കുവാൻ ക്ലാസ്റൂമിൽ


'ഞങ്ങളുണ്ട് കൂടെ' പദ്ധതി തുടങ്ങി

പാഠം മാത്രമല്ല, ഇവിടെ സൈക്കിൾ ഓടിക്കാനും പഠിക്കാം

## പ്രഖ്യാപനം 6

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും ഏഴാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോൾ **സൈക്കിൾ അഭ്യസനം** നേടും.



## നേടിയത്

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൈക്കിൾ പഠനത്തിനുള്ള സൗകര്യം ഒരുക്കി.
- ഏഴാംക്ലാസ് പഠനം പൂർത്തീകരിച്ച് പോകുന്നതിന് മുമ്പ് അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ എല്ലാ കുട്ടികളും സൈക്കിൾ അഭ്യസനം നേടുന്നു.

## പ്രഖ്യാപനം 7

സ്കൂളിൽ **കൗൺസിലിംഗ്** സംവിധാനം ഏർപ്പെടുത്തും.

ഞങ്ങളുണ്ട് കൂടെ

## നേടിയത്

- കുട്ടികളെ വിവിധ ഗ്രൂപ്പുകളായിത്തിരിച്ച് അധ്യാപകർക്ക് മെന്റർ എന്ന നിലയിൽ ചുമതല നൽകി. പ്രസ്തുക കുട്ടികളോട് അധ്യാപകർ നിരന്തരം വ്യക്തിഗതമായി സംസാരിക്കുകയും. രണ്ടാഴ്ചയിലൊരിക്കൽ രക്ഷാകർത്താക്കളുമായി സംസാരിച്ച് ആവശ്യമായ പിന്തുണ ഒരുക്കുകയും ചെയ്യുന്നു.

പ്രഖ്യാപനം

## 8 പരിസ്ഥിതി സൗഹൃദവും ശുചിത്വമുള്ളതും ആരോഗ്യപൂർണ്ണവുമായ വിദ്യാലയ അന്തരീക്ഷം ഒരുക്കും


പുനലൂർ വിഒയുപിഎസിനെ പ്രകൃതി സൗഹൃദ വിദ്യാലയമാക്കുന്ന പദ്ധതി പുനലൂർ ഗവ. ആശുപത്രി സൂപ്രണ്ട് ഡോ. എസ്. ഷാഹിർഷ ഉദ്ഘാടനം ചെയ്യുന്നു.

പുനലൂർ വിഒ യുപിഎസ് അഥവാ പ്രകൃതി സൗഹൃദ വിദ്യാലയം

### നേടിയത്

- സ്കൂൾ കോമ്പൗണ്ട് ഹരിതാഭവും ശുചിത്വപൂർണ്ണവുമാക്കി.
- വൃത്തിയുള്ള ശുചിമുറികളൊരുക്കി.
- സുരക്ഷിതമായ സ്കൂൾവാഹനസൗകര്യം ഒരുക്കി.
- ഉച്ചഭക്ഷണ പദ്ധതി മികവുറ്റതാക്കി.



- മാലിന്യമുക്ത നവകരേളം പദ്ധതിയുടെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണം ക്രമീകൃതമായി നടപ്പിലാക്കുന്നു.



മലയാള മനോരമ നല്ലപാഠം പദ്ധതി പ്രകാരം പുനലൂർ വിഒയുപി സ്കൂളിൽ 'എല്ലാവരും മികവിലേക്ക്' എന്ന പദ്ധതിയുടെ ഉദ്ഘാടനം വിദ്യാർഥികൾ ഉദ്ഘാടനം ചെയ്യുന്നു.

## 'എല്ലാവരും മികവിലേക്ക്' പദ്ധതി



## പ്രഖ്യാപനം

**9**

പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുകയും പരിഹാരബോധന പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യും.

## നേടിയത്

- സ്റ്റുഡന്റ് ഹോളിസ്റ്റിക് ഡെവലപ്മെന്റ് പ്രോജക്ടിലൂടെ കുട്ടിയിലെ ബഹുമുഖ ബുദ്ധിതലത്തെ അടിസ്ഥാനപ്പെടുത്തി വിവധങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് ഓരോ കുട്ടിയിലെയും സാധ്യതയെ കണ്ടെത്തുന്ന വിദ്യാലയം രൂപപ്പെടുത്തുന്നു.
- ജീവിത നിപുണതാ വിദ്യാഭ്യാസ പദ്ധതി ആരംഭിച്ചു.
- കരുതൽ പദ്ധതി നടപ്പിലാക്കി ഏഴാം ക്ലാസിൽ 2023-24 വർഷം സീറോ ഇ ഗ്രേഡ് എന്ന ലക്ഷ്യം നേടി.

## പ്രഖ്യാപനം

**10**

കുട്ടികളിലെ **കായികക്ഷമത** വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കും.

## നേടിയത്

- സ്കൂൾ ഗ്രൗണ്ട് വിപുലീകരിച്ചു.
- കായികക്ഷമതാ പദ്ധതി ആരംഭിച്ചു.
- കരാട്ടെ ക്ലാസ്സ് ആരംഭിച്ചു.



# സമ്പാദ്യം വളർത്താൻ വിളയുപി സ്കൂളിൽ ശ്രീകരം പദ്ധതി

പുനലൂർ: നാട്ടിലും സ്കൂളിലും സമ്പാദ്യശീലം വളർത്തുന്ന ശ്രീകരം പദ്ധതിക്കു വിള യുപി സ്കൂളിൽ തുടക്കമായി. ഗ്രാമത്തിലെ ഓരോ വീടുകളിലും വഞ്ചിക്കുടുക്കകൾ എത്തിച്ച് സമ്പാദ്യത്തിനു പ്രേരിപ്പിക്കുന്നതിനൊപ്പം സ്കൂളിലെ ഓരോ വിദ്യാർഥിയും സ്വന്തമായി വഞ്ചിയിൽ സമ്പാദ്യം തുടങ്ങും. പദ്ധതിയുടെ ഉദ്ഘാടനം ജോസഫ് മാർ ബർണബാസ് ഉദ്ഘാടനം ചെയ്തു.

കുട്ടികളുടെ വഞ്ചി നിർമാണത്തിന്റെ ചെലവ് ഏറ്റെടുത്ത ബിഷപ് ഓരോ കുട്ടിക്കും നിക്ഷേപം തുടങ്ങാനായി 25 രൂപ വീതം നൽകുകയും ചെയ്തു. വഞ്ചിയിലെ സ...ക്യം ആയിരം എത്തുമ്പോൾ 50 ... വീതം ഓരോരുത്തർക്കും ...ന്ന വാഗ്ദാനവും നൽ...

...ാ സഭാ സെക്രട്ടറി

പുനലൂർ വിള യുപി സ്കൂളിൽ ശ്രീകര പദ്ധതി ജോസഫ് മാർ ബർണബാസ് ഉദ്ഘാടനം ചെയ്യുന്നു.

റവ. കെ.എസ്. മാത്യുവിന്റെ അധ്യക്ഷതയിൽ ഗലീലിയോ ലൈബ്രറി കാറ്റലോഗ് കെ. രാജു എംഎൽഎ പ്രകാശനം ചെയ്തു. കലയനാട് ഗ്രാമം മാതൃകാ ഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം നഗരസഭ ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷൻ എസ്. രാജേന്ദ്രൻനായർ നിർവഹിച്ചു.

ഡോക്ടറേറ്റ് നേടിയ ഡോ. അലക്സാണ്ടർ ഏബ്രഹാമിനെ അനുമോദിച്ചു. കൗൺസിലർ എൻ. സുന്ദരേശൻ, ബിപിഒ അജിതകുമാരി, കെ.ജി. ഏബ്രഹാം, എം.വി. മറിയാമ്മ, ജമീലാ തൗഫി...ക്. ഷാജിതാ സുധീർ, ബിജു ... തോമസ് തുടങ്ങിയവർ പ്ര...ച്ചു.

# പ്രവർത്തന രൂപരേഖ


വി.ഒ.യു.പി. സ്കൂളിൽ
നിപുണതാ പദ്ധതിക്ക് തുടക്കം

പുനലൂർ വി.ഒ.യു.പി. സ്കൂളിൽ നിപുണതാ വിദ്യാഭ്യാസപദ്ധതി പി.എസ്.സുപാൽ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

പുനലൂർ ▸ യുണിസെഫും ലോ
കാരോഗ്യസംഘടനയും നിർദേ
ശിച്ചിട്ടുള്ള പത്ത് നിപുണതക
ളുമായി ബന്ധപ്പെടുത്തിയുള്ള
വിദ്യാഭ്യാസപദ്ധതിക്ക് പുനലൂർ
...യനാട് വി.ഒ.യു.പി. സ്കൂളിൽ
...മായി.
...എസ്.സുപാൽ എം.
...ഉദ്ഘാടനം ചെയ്തു.
...പൊതുവിദ്യാഭ്യാ
...ത്തി നൂതന
... വർ

ങ്ങളെ അതിജീവിക്കാൻ കു
ട്ടികളെ ഇത്തരം പ്രവർത്തന
ങ്ങാം സഹായിക്കുമെന്നും എം.
എൽ.എ. പറഞ്ഞു.
സ്കൂൾ ലോക്കൽ മാനേജർ
റവ. പി.ഫിലിപ്പ് അധ്യക്ഷനായി.
സ്കൂൾ കാര്യപത്രിക പുനലൂർ നഗ
രസഭാ ഉപാധ്യക്ഷൻ ആർ.രഞ്ജി
ത്തും വിദ്യാരംഗം കലാസാഹിത്യ
വേദി എ.ഇ.ഒ. ഡി.അജയകുമാ
റും ഉദ്ഘാടനം ചെയ്തു. നഗരസ
ഭാ പ്രതിപക്ഷനേതാവ് ജി.ജയ
...കാശ്, കൗൺസിലർ...

എൻ.സുന്ദരേശൻ, വി.പി.ഉ...
ക്യുമൻ, ഷാജിത സുധീർ, ...
അസീസ് എന്നിവർ വിവിധ ...
കളുടെ ഉദ്ഘാടനം നിർവ...
പി.ടി.എ. പ്രസിഡന്...
ജയചന്ദ്രൻ, സെക്രട്ട...
.കുഞ്ഞ്, സി.ഡി....
റാണി ജേക്കബ്, ...
ബിജു കെ.തോ...
ക്രട്ടറി ജി...
കോ...

മേഖല - 1

# ജീവിത നിപുണതാ വിദ്യാഭ്യാസ പദ്ധതി

## ലക്ഷ്യം

സ്കൂൾ ഒരു ജീവിത നിപുതാ വിദ്യാഭ്യാസകേന്ദ്രമായി മാറുക.

## പ്രവർത്തന വിശദാംശം

കൗമാര പ്രായത്തിൽ കുട്ടികൾ ആർജ്ജിക്കേണ്ട 10 ജീവിത നിപുണതകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്. പ്രക്രിയാധിഷ്ഠിതവും അനുഭവാത്മകവുമായ പ്രവർത്തനരീതിയാണ് അവലംബിച്ചിരിക്കുന്നത്. 2024–25 വർഷം കുറഞ്ഞത് 5 മേഖലകളെയെങ്കിലും അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ ആവിഷ്കരിക്കും. ഒരു ടീച്ചർക്ക് ഒരു മേഖല എന്ന രീതിയിലാണ് ആദ്യവർഷം ചുമതലാവിഭജനം നടത്തിയിരിക്കുന്നത്.


മലയാള മനോരമ

# വിഒ യുപി സ്കൂളിൽ കുട്ടികൾക്കായി കായിക ക്ഷമതാ പദ്ധതി തുടങ്ങി

മേഖല - 2

# കായികക്ഷമതാ പദ്ധതി

## ലക്ഷ്യം

വൈവിദ്ധ്യമാർന്ന കായിക പ്രവർത്തനങ്ങളിലൂടെ ശരിയായ ശാരീരിക മാനസികാരോഗ്യം കുട്ടികളിൽ രൂപപ്പെടുത്തുക.

## പ്രവർത്തന വിശദാംശം

വ്യാഴാഴ്ചകളിലാണ് ഈ പ്രവർത്തനം ക്രമീകരിക്കുന്നത്. കലാവിദ്യാഭ്യാസം, കായികവിദ്യാഭ്യാസം, പ്രവൃത്തിപരിചയം, ലൈബ്രറി, സർഗ്ഗവേള എന്നീ ഇനങ്ങളിലായി ഒരാഴ്ചയിൽ ലഭിക്കേണ്ട 11 പീരീഡുകളിൽ 8 പീരീഡുകൾ വ്യാഴാഴ്ച ദിവസങ്ങളിൽ ഒരുക്കിക്കൊണ്ടാണ് പദ്ധതി ക്രമീകരിക്കുന്നത്. കുട്ടികളെ വിവിധ ടീമുകളായി തിരിച്ച് ഒരു ടീമിന് കുറഞ്ഞത് 3 കായികക്ഷമതാ പ്രവർത്തനമെങ്കിലും ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.


വിഒ യുപി സ്കൂളിൽ അക്കാദമിക് ഫെസ്റ്റ്

മേഖല - 3

# പ്രതിമാസ പഠനോത്സവം

## ലക്ഷ്യം

കുട്ടികളുടെ പഠനമികവുകളെ രക്ഷാകർത്താക്കൾ, പൊതുസമൂഹം എന്നിവയുമായി പങ്കുവച്ച് സോഷ്യൽ ഓഡിറ്റിംഗ് നടത്തുക.

## പ്രവർത്തന വിശദാംശം

പ്രതിമാസ ക്ലാസ് പി.റ്റി.എ പഠനോത്സവം എന്ന രീതിയിലാണ് ക്രമീകരിക്കുന്നത്.
**പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുട്ടി ആർജ്ജിച്ച കാര്യങ്ങളുടെ അവതരണം, ഉത്പന്നങ്ങളുടെ പ്രദർശനം എന്നിവയാണ് പഠനോത്സവത്തിൽ ക്രമീകരിക്കുന്നത്.**
വ്യക്തിഗത പി.റ്റി.എ.നടക്കുന്ന മാസം പഠനോത്സവം ഉണ്ടായിരിക്കുകയില്ല. ഏകദേശം 6 പഠനോത്സവങ്ങൾ ഒരു ക്ലാസിൽ നടക്കും. 6 വിഷയത്തിന്റെയും ഒരു അവതരണമെങ്കിലും ഒരു വർഷത്തെ പഠനോത്സവങ്ങളിലായി നടക്കുന്ന രീതിയിലാണ് ക്രമീകരണം. അവതരണം സംബന്ധിച്ചുള്ള കാര്യങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനാൽ ക്ലാസ് പി.റ്റി.എ.യിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം നിർബന്ധമാണ്.


വിദ്യാർത്ഥി സൗഹൃദ വിലയിരുത്തൽ പ്രക്രിയക്ക് അംഗീകാരം

വിദ്യാർഥിസൗഹൃദ വിലയിരുത്തൽ പ്രക്രിയ

പുത്തൻ ആശയത്തിന് സംസ്ഥാന അംഗീകാരം

പുനലൂർ

മേഖല - 4

# വിദ്യാർത്ഥി സൗഹൃദ വിലയിരുത്തൽ പ്രക്രിയ

## ലക്ഷ്യം

വിലയിരുത്തൽ പ്രക്രിയ വിദ്യാർത്ഥി സൗഹൃദമാക്കി കുട്ടികളിൽ പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കുക.

## പ്രവർത്തന വിശദാംശം

കുട്ടികൾ അവർ ആർജ്ജിക്കുന്ന അറിവുകൾ പ്രകടിപ്പിക്കുവാനും വിലയിരുത്തുവാനും വളരെ ചെറിയ പ്രായത്തിൽ തന്നെ ആഗ്രഹിക്കുന്നുണ്ട്. ഇത് ഒരു സ്വാഭാവിക പ്രക്രിയയാണ്. അതുകൊണ്ടാണ് സ്കൂൾ കാലഘട്ടത്തിനും മുമ്പുള്ള പ്രായത്തിൽ പോലും അവർ മനസ്സിലാക്കിയ കാര്യങ്ങൾ മാതാപിതാക്കളെ പറഞ്ഞു കേൾപ്പിക്കാൻ അതീവ താത്പര്യം കാണിക്കുന്നത്. സ്കൂൾ കാലഘട്ടത്തിന്റെ ആദ്യ അവസരങ്ങളിലും കുട്ടികളിലെ ഈ പ്രവണത പ്രകടമാണ്. അവർ പഠിക്കുന്ന പാട്ടുകൾ, കഥകൾ, അക്ഷരങ്ങൾ ഇവയൊക്കെ തന്റെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടേയും മുൻപിൽ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിന് മത്സര സ്വഭാവം പ്രകടിപ്പിക്കുന്നുണ്ട്. മറ്റുള്ളവരാൽ വിലയിരുത്തപ്പെടുവാൻ കുട്ടികൾ കാണിക്കുന്ന ഈ സ്വഭാവിക പ്രവണതയുടെ തുടർച്ച സ്കൂൾ വിദ്യാഭാസ പ്രക്രിയയിൽ ഉണ്ടാകുമ്പോഴാണ് വിലയിരുത്തൽ പ്രകിയ **വിദ്യാർത്ഥി സൗഹൃദം** ആകുന്നത്. ഈ കാഴ്ചപ്പാട് യാഥാർത്ഥ്യമാകത്തക്ക രീതിയിലാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

കഴിഞ്ഞവർഷം നമ്മുടെ വിദ്യാലയത്തിൽ ഈ പദ്ധതിയുടെ ട്രൈഔട്ട് നടപ്പിലാക്കുകയും എസ്.സി.ഇ.ആർ.റ്റി. മികവ് സീസൺ-5 ന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ഇതര സ്കൂളുകൾക്ക് മാതൃക എന്ന നിലയിൽ വ്യാപിപ്പിക്കുന്നതിനായി ഈ ആശയം വീഡിയോ ഡോക്യുമെന്റ് ചെയ്യുകയും ചെയ്തു.




മേഖല - 5

# ലഹരിവിരുദ്ധ പ്രവർത്തനം : ഓർമ്മമരം

## ലക്ഷ്യം

കുട്ടികളിൽ ലഹരിപദാർത്ഥങ്ങളോടുള്ള വിരുദ്ധമനോഭാവം വളർത്തുക.

## പ്രവർത്തന വിശദാംശം

**ലഹരി പദാർത്ഥങ്ങളോടു വിരുദ്ധ മനോഭാവം രൂപപ്പെടുത്തുന്നതിനും ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്ത കുട്ടികൾ പ്രതിജ്ഞയിൽ തുടരുന്നതിനും വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഓർമ്മമരം.** ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്ത കുട്ടികൾ ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കുമ്പോൾ അവരുടെ ഭവനാങ്കണത്തിൽ പ്രതിജ്ഞയുടെ ഓർമ്മയ്ക്കായി നട്ടുവളർത്തുവാൻ വേണ്ടി കുട്ടിയ്ക്കിഷ്ടപ്പെട്ട ഒരു ഫലവൃക്ഷത്തിന്റെ ഗ്രാഫ്റ്റ് ചെയ്ത തൈ പദ്ധതിയുടെ ഭാഗമായി നൽകുന്നു.



വി.ഒ.യു.പി. സ്കൂളിൽ
അക്കാദമിക
സംവാദം

ഓൺലൈൻ പഠനം:
രക്ഷാകർത്താവിന്റെ
പിന്തുണ ഉറപ്പാക്കി
വിഒയുപി സ്കൂൾ

പുനലൂർ ● പുതിയ അധ്യയന
വർഷത്തിൽ ഓൺലൈൻ പഠന
പ്രക്രിയയിൽ രക്ഷാകർത്താ
ന്റെ പിന്തുണ ഉറപ്പാക്കാൻ
വെളിച്ചം' പദ്ധതിയുമായ
ലൂർ വിഒയുപി സ്കൂൾ
യുടെ ഉദ്ഘാടനം
ബാലാവകാശ

മേഖല - 6

## രക്ഷാകർത്തൃ പിന്തുണ :

### ലക്ഷ്യം

കുട്ടികൾക്ക് രക്ഷാകർത്താക്കളുടെ
പിന്തുണ ഉറപ്പാക്കുക.

### പ്രവർത്തന വിശദാംശം

നിലാ വെളിച്ചം

**എല്ലാ ദിവസവും രാത്രിയിൽ തങ്ങളുടെ കുട്ടികൾക്കായി കുറഞ്ഞത് അരമണിക്കൂർ മാറ്റിവയ്ക്കുന്ന പദ്ധതിയാണിത്.**
ഈ സമയത്ത് കുട്ടികളോട് വിശേഷങ്ങൾ ചോദിച്ചറിയണം (പഠനപരവും, അല്ലാത്തതും) കുട്ടികൾക്ക് നിരവധി കാര്യങ്ങൾ നിങ്ങളോട് പറയു വാൻ കാണും.
(അവർ പറയുന്ന വിശേഷങ്ങൾ നിങ്ങളെ സംബന്ധിച്ച് ഒരു പക്ഷേ വലിയ കാര്യമായിരിക്കില്ല. എന്നാൽ കുട്ടിയുടെ ജീവിത ത്തിൽ അതൊക്കെ വലിയ കാര്യങ്ങൾ തന്നെയാണ്)
ഈ ശീലം വളർത്തിയെടുത്തെങ്കിൽ മാത്രമേ വളരുമ്പോൾ അവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ രക്ഷാകർത്താക്കളോട് ഭയമില്ലാതെ തുറന്ന് പറയുകയുള്ളൂ.




മേഖല - 7

# ഓൺലൈൻ ക്ലാസ് ടീച്ചേഴ്സ് ഡയറി

## ലക്ഷ്യം

ക്ലാസ്സ് റൂം പഠന പ്രക്രിയ ക്രമീകൃതമായി നടന്നുവരുന്നു എന്നുറപ്പുവരുത്തുക.

## പ്രവർത്തന വിശദാംശം

ക്ലാസ്സ് ടീച്ചർമാരുടെ നേതൃത്വത്തിൽ ഓരോ ക്ലാസിന്റെയും പ്രത്യേക വാട്സ്ആപ്പ് രൂപീകരിക്കുന്നു. ഈ വാട്സാപ്പ് ഗ്രൂപ്പിൽ ഓരോ ദിവസവും നടത്തുന്ന പഠനപ്രവർത്തനങ്ങളെക്കുറിച്ച് അതത് അദ്ധ്യാപകർ ഒരു കുറിപ്പ് തയ്യാറാക്കി പോസ്റ്റ് ചെയ്യുന്നു. തന്റെ ക്ലാസ്സിലെ എല്ലാ അദ്ധ്യാപകരും ഓൺലൈൻ ക്ലാസ് ടീച്ചേഴ്സ് ഡയറിയിൽ കുറിപ്പ് പോസ്റ്റ് ചെയ്തു എന്നുറപ്പാക്കേണ്ട ചുമതല ക്ലാസ് ടീച്ചർക്കാണ്.


ഓണക്കളികൾ മാറ്റിവച്ച് കുട്ടികളുടെ പരിസര പരിചരണം


മേഖല - 8

# പത്രംവായിക്കാം ഭൂമിശാസ്ത്രം പഠിക്കാം

## ലക്ഷ്യം

കേരളത്തിലെ വിവിധ ജില്ലകൾ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ, ലോകത്തിലെ വിവിധ രാജ്യങ്ങൾ എന്നിവയുടെ സ്ഥാനം കുട്ടികൾ മനസിലാക്കുക.

## പ്രവർത്തന വിശദാംശം

മാതൃഭൂമി ദിനപത്രത്തിന്റെ മധുരം മലയാളം പദ്ധതിയുമായി സഹകരിച്ചാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. കുട്ടികൾ രാവിലെ സ്കൂളിൽ എത്തിക്കഴിഞ്ഞാൽ തലേ ദിവസത്തെ ദിനപ്പത്രത്തിലെ വാർത്തകൾ വെട്ടിയെടുക്കുന്നു. പ്രസ്തുത വാർത്ത ഏത് ജില്ലയെ / സംസ്ഥാനത്തെ / രാജ്യത്തെ അടിസ്ഥാനമാക്കിയാണെന്നുള്ളത് തിരിച്ചറിഞ്ഞശേഷം ക്ലാസ്സിൽ ഒട്ടിച്ചിരിക്കുന്ന ഭൂപടത്തിൽ അതേ ജില്ലയുടെ / സംസ്ഥാനത്തിന്റെ / രാജ്യത്തിന്റെ സ്ഥാനത്ത് ഒട്ടിക്കുന്നു.


ഇവിടെ നന്മയുടെ വായന

വായനയുടെ വസന്തത്തിലേക്ക് ഒരുകൂട്ടം വിദ്യാർത്ഥികൾ

മേഖല - 9

# തുറന്ന പുസ്തക ശേഖരം

## ലക്ഷ്യം

കുട്ടികളിൽ പുസ്തക വായനാശീലം വർദ്ധിപ്പിക്കുക.

## പ്രവർത്തന വിശദാംശം

പുനലൂർ താലൂക്ക് ലൈബ്രറി കൗൺസിൽ, കലയനാട് പീപ്പിൾസ് ലൈബ്രറി എന്നിവയുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസ്സിലും തുറന്ന പുസ്തക ശേഖരം ഒരുക്കും. കുട്ടികൾക്ക് ആഴ്ചയിൽ ഒരിക്കലോ താൽപര്യമുള്ള സമയത്തോ ഈ പുസ്തകശേഖരത്തിൽ നിന്നും പുസ്തകമെടുത്ത് വായിക്കാവുന്നതാണ്. പുസ്തകം വായിക്കുന്നതിനൊപ്പം ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനും അവസരം നൽകുന്നുണ്ട്. വർഷാവസാനം മികച്ചരീതിയിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്ന പത്ത് പേരെ കണ്ടെത്തി ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ സമ്മാനം നൽകുന്നു.


വിഒ യുപിഎസിൽ 'നല്ലപാഠ'ത്തിന്റെ ഹരിത മാനസം തുടങ്ങി

സ്കൂൾ വളപ്പിൽ 200 മൂട് പച്ചക്കറിയും 200 വാഴവിത്തും വിദ്യാർഥികൾ നട്ടു

നല്ല പാഠം

കുട്ടികൾ രചിക്കുന്ന കേരളം

മേഖല - 10

# കാമ്പസ് ഒരു പാഠപുസ്തകം

## ലക്ഷ്യം

സ്കൂളിൽ ഒരു ജൈവവൈവിധ്യ ഉദ്യാനം ക്രമീകരിച്ച് സാധ്യമായ തലങ്ങളിൽ സ്കൂൾ കാമ്പസ് ഒരു പാഠപുസ്തകം എന്നആശയം യാഥാർത്ഥ്യമാക്കുക.

## പ്രവർത്തന വിശദാംശം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ കാമ്പസ് ഒരു പാഠപുസ്തകം എന്ന ആശയം നടപ്പിലാക്കുന്നതിനുള്ള ആദ്യപ്രവർത്തനം നടന്നുകഴിഞ്ഞു. രണ്ടാം ഘട്ടമായി പാഠ്യപദ്ധതിയെ സ്കൂൾ കാമ്പസ്സുമായി ബന്ധിപ്പിച്ച് പഠനപ്രവർത്തനങ്ങളാവിഷ്കരിക്കുക എന്നത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. 2022 ജുലൈ മാസം പ്രവർത്തന രൂപരേഖ തയ്യാറാക്കി പദ്ധതി ആരംഭിക്കേണ്ടതാണ്.


പുനലൂർ വിഒ യുപി സ്കൂളിന്റെ നേതൃത്വത്തിൽ നടത്തുന്ന 'കലയനാട് ആരോഗ്യ പദ്ധതി' കെ. രാജു എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

'കലയനാട് ആരോഗ്യ പദ്ധതി' ഉദ്ഘാടനം ചെയ്തു

യുഐടി സെന്ററിന് 75 ലക്ഷം

മേഖല - 11

# ടാലന്റ് ലാബ്

## ലക്ഷ്യം

ഓരോ കുട്ടികളിലെയും കഴിവുകളെ കണ്ടെത്തി വികസിപ്പിക്കുക.

## പ്രവർത്തന വിശദാംശം

സ്കൂളിലെ ഓരോകുട്ടിയിലെയും അഭിരുചി കണ്ടെത്തുന്നു. സമാന അഭിരുചി ഉള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പ് രൂപീകരിക്കുന്നു. ഓരോ ടാലന്റ് ഗ്രൂപ്പിനും അദ്ധ്യാപകർക്ക് പ്രത്യേകം ചുമതല നൽകുന്നു. പ്രസ്തുത അദ്ധ്യാപകരുടെ നേതൃത്വത്തിൽ ടാലന്റ് ഗ്രൂപ്പുകൾ കൂടി പ്രവർത്തന രൂപരേഖകൾ തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണ്.


കണ്ണറപാലത്തിന്റെ തനിമ നിലനിർത്താൻ പ്രധാനമന്ത്രിക്കു 'നല്ലപാഠ'ത്തിന്റെ നിവേദനം

നല്ല പാഠം

കുട്ടികൾ രചിക്കുന്ന കേരളം

മേഖല - 12

# സൈക്കിൾ അഭ്യസനം

## ലക്ഷ്യം

കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക.

## പ്രവർത്തന വിശദാംശം

സ്കൂളിൽ നിന്നും ഏഴാം ക്ലാസ് പഠനം പർത്തിയാക്കുന്നതിനു മുമ്പായി എല്ലാ കുട്ടികളും സൈക്കിൾ അഭ്യസനം നടത്തുന്നതിനുള്ള പരിശീലനം നൽകുന്നു. ചുമതല ക്ലാസ് ടീച്ചർമാർക്കായിരിക്കും. രാവിലെയും വൈകിട്ടും അധികസമയം കണ്ടെത്തിയോ കായിക വിദ്യാഭ്യാസത്തിന്റെ സമയമോ ഇതിനായി ഉപയോഗിക്കാവുന്നതാണ്.


തൂക്കുപാലം സംരക്ഷണം: മുഖ്യമന്ത്രിക്ക് കത്തെഴുതി

മേഖല - 13


# FUN WITH MATHS
# ഫൺ വിത്ത് മാത്സ്

## ലക്ഷ്യം

- ഗണിതപഠനം ആകർഷകമാക്കുക.
- ഗണിതത്തിൽ സമർത്ഥരായകുട്ടികൾക്ക് കൂടുതൽ അവസരം ഒരുക്കുക.

## പ്രവർത്തന വിശദാംശം

കഴിഞ്ഞ 2 വർഷം കോവിഡ് സാഹചര്യംമൂലം ഓൺലൈൻ പഠനമായതിനാൽ ഗണിതപരമായ അടിസ്ഥാനശേഷി ഉറയ്ക്കാത്ത ധാരാളം കുട്ടികളുണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഒഴിവ് സമയങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പദ്ധതി നടപ്പിലാക്കേണ്ടതാണ്.




മേഖല - 14


# എന്റെ കൈയ്യക്ഷരം നല്ല കൈയ്യക്ഷരം

## ലക്ഷ്യം

- ഏഴാം ക്ലാസ്സ് പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും സാക്ഷരരാകുക.
- കുട്ടികളുടെ കൈയ്യക്ഷരം പരമാവധി മെച്ചപ്പെടുത്തുക.

## പ്രവർത്തന വിശദാംശം

രാവിലെയും വൈകിട്ടും പ്രത്യേക സമയം കണ്ടെത്തി ഐ.സി.റ്റിയുടെ സഹായത്തോടുകൂടി എല്ലാ കുട്ടികളേയും സാക്ഷരരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കൈയ്യക്ഷരം മെച്ചപ്പെടുത്തുന്നതിന് കോപ്പി എഴുത്തിനൊപ്പം പ്രത്യേക വർക്ക്ഷീറ്റുകൾ, സ്ലേറ്റിൽ എഴുത്ത്, ബ്ലാക്ക് ബോർഡിൽ എഴുത്ത് എന്നിവ ക്രമീകരിക്കുന്നു.




മേഖല - 15

# ദിനാചരണം

## ലക്ഷ്യം

- വ്യത്യസ്ത ദിനങ്ങളുടെ പ്രത്യേകതകൾ കുട്ടികൾ തിരിച്ചറിയുക.

## പ്രവർത്തന വിശദാംശം

എല്ലാ വർഷവും നിർബന്ധമായി ആചരിക്കേണ്ട പരിസ്ഥിതി ദിനം, വായനാദിനം, സ്വാതന്ത്ര്യദിനം.... തുടങ്ങിയ ദിനങ്ങൾ ആചരിക്കുന്നതിനൊപ്പം ഒരു മാസം ഒരു ദിനം എന്ന ക്രമത്തിൽ യു. പി. കാലഘട്ടത്തിലെ 3 വർഷങ്ങളിലെ 30 മാസങ്ങളിലായി 30 ദിനങ്ങൾ ആചരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നു.



# പാടത്തിറങ്ങി, കൃഷിയറിഞ്ഞു കുട്ടികൾ

പുനലൂർ: വയലറിഞ്ഞും കൃഷിയറിഞ്ഞും പാഠം നടത്താൻ പുനലൂർ വിഒ യുപി സ്കൂളിലെ കുട്ടികൾ പാടത്തിറങ്ങി. ഒറ്റമുണ്ടു ചുറ്റി ചേറിൽ കളിച്ചും ഞാറു നട്ടും മരമടിക്കൊപ്പം ആർത്തു വിളിച്ചും മണ്ണിന്റെ മണവും രുചിയുമറിഞ്ഞ കുട്ടികൾക്കു പാഠം പകർന്നതു പുത്തൻ പാഠങ്ങളും അനുഭവങ്ങളും. ചൂരലിന്റെ നിയന്ത്രണ ഭയമില്ലാതെ വിശാലമായ പാടത്തു കൃഷി അനുഭവവും ആവേശവുമാക്കിയ കുട്ടികൾ പാഠപുസ്തകവും പ്രായോഗിക കൃഷിയും സമന്വയിപ്പിച്ചു. കുട്ടികളിൽ ആവേശം നിറയ്ക്കാനായി സംഘടിപ്പിച്ച മരമടി നാട്ടുകാർക്കും രക്ഷിതാക്കൾക്കും ഉത്സവമായി.

കാറ്റിൽ വെൽഫെയർ അസോസിയേഷൻ, സ്കൂൾ പിടിഎ, മാർത്തോമ്മാ ദയറ സമൂഹം, സ്കൂൾ സപ്പോർട്ടിങ് ഗ്രൂപ്പ് എന്നിവ ചേർന്നാണു പാടവും ക്ലാസ്മുറിയും ബന്ധപ്പെടുത്തി പുതിയ പാഠ്യപദ്ധതി തയാറാക്കിയിരിക്കുന്നത്. ഗണിതം, ശാസ്ത്രം, കൃഷി എന്നിവ ബന്ധപ്പെടുത്തി പഠിക്കുകയാണു ലക്ഷ്യം. കൃഷി രീതികൾ, മിത്ര കീടങ്ങൾ, ശത്രുകീടങ്ങൾ, എന്നിവയെക്കുറിച്ചെല്ലാം കർഷകർ കുട്ടികളെ മനസ്സിലാക്കിച്ചു. നഗരസഭാ ഉപാധ്യക്ഷൻ വി.പി. ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കൗൺസിലർ എൻ. സുന്ദരേശൻ, സ്കൂൾ ലോക്കൽ മാനേജർ ഡോ. അലക്സാണ്ടർ എബ്രഹാം, പിടിഎ പ്രസിഡന്റ് തുളസീധരൻ നായർ, കാറ്റിൽ വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് മുഖത്തല കെ.വൈ. ജേക്കബ്, കെ. സുകുമാരൻ എന്നിവർ പ്രസംഗിച്ചു. പ്രധമാധ്യാപകൻ ബിജു കെ. തോമസ്, റവ. പി. ഫിലിപ്പ്, പാപ്പച്ചൻ, എ. രാജു കുറ്റിക്കാട് എന്നിവർ നേതൃത്വം നൽകി.

മേഖല - 16

# ക്ലബ്ബ് പ്രവർത്തനം

## ലക്ഷ്യം

- കുട്ടികളിലെ സംഘാടകശേഷി, നേതൃത്വപാടവശേഷി എന്നിവ വർദ്ധിപ്പിക്കുക.

## പ്രവർത്തന വിശദാംശം

ജൂൺമാസം തന്നെ ക്ലബ്ബിന്റെ ചുമതലകൾ വിഭജിച്ചുനൽകുന്നു. എല്ലാ ക്ലബ്ബുകളും മാസത്തിലൊരു കൂടിവരവ് നടത്തേണ്ടതാണ്. സംഘാടക ചുമതല പൂർണ്ണമായും കുട്ടികൾക്കായിരിക്കണം. ക്ലബ്ബിന്റെ ചുമലയുള്ള അദ്ധ്യാപകർ ഒരു ഗൈഡ് എന്ന രീതിയിൽ പ്രവർത്തിക്കേണ്ടതാണ്.

മേഖല - 17

# വ്യക്തിഗത പി.റ്റി.എ.



പുനലൂർ വിയെപി സ്കൂളിൽ കുട്ടി സ്വയം സന്നദ്ധമാകുന്ന സമയത്ത് പരീക്ഷ നടത്തുന്ന പദ്ധതി എളമ ആർ.ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്ത സമീപം

## ലക്ഷ്യം

- കുട്ടിയ്ക്ക് രക്ഷാകർത്താക്കളുടെ പിന്തുണ ഉറപ്പാക്കുക.

## പ്രവർത്തന വിശദാംശം

ക്ലാസ് പി.റ്റി.എ.യിൽ കുട്ടികളുടെ മികവുകൾക്കൊപ്പം പരിമിതികൾ അവതരിപ്പിക്കുന്നത് ക്ലാസ് പി.റ്റി.എ.യിലെ പങ്കാളിത്തക്കുറവിന് കാരണമാകുന്നുണ്ട് എന്ന തിരിച്ചറിവാണ് 2017 മുതൽ വ്യക്തിഗത പി.റ്റി.എ. എന്ന ആശയത്തിലേക്ക് സ്കൂളിനെ നയിച്ചത്. ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ ഓരോ കുട്ടിയുടെയും രക്ഷാകർത്താക്കളോട് വ്യക്തിഗതമായി നടത്തുന്ന അക്കാദമിക സംവാദമാണ് വ്യക്തിഗത പി.റ്റി.എ. ക്ലാസ്സ് ടീച്ചറോടൊപ്പം അതത് ക്ലാസ്സിലെ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരും ഇതിൽ പങ്കെടുക്കുന്നുണ്ട്. ഒരു കുട്ടിയുടെ രക്ഷാകർത്താവിന് 10 മിനിറ്റാണ് സമയം. ഇതിൽ ആദ്യത്തെ 3 മിനിറ്റ് കുട്ടിയെയും കൂടിയിരുത്തിയാണ് ചർച്ച നടത്തുന്നത്. കോവിഡ് കാലഘട്ടംവരെ ശനിയാഴ്ചകളിൽ വിവിധ സമയങ്ങളിലായി രക്ഷാകർത്താക്കളെ സ്കൂളിൽ വിളിച്ചുവരുത്തിയാണ് നടപ്പിലാക്കിയത്. കോവിഡ് കാലഘട്ടത്തിൽ ഓൺലൈൻ സാധ്യത ഉപയോഗിച്ച് വ്യക്തിഗത പി.റ്റി.എ. നടത്തിയത് പഠന പ്രവർത്തനങ്ങൾ മികവുറ്റതാക്കുവാൻ സഹായിച്ചു. 2022-23 അദ്ധ്യയന വർഷം പ്രതിമാസ ക്ലാസ് പി.റ്റി.എകളിലെ മൂന്ന് ക്ലാസ് പി.റ്റി.എ. ആയി നടത്തപ്പെടേണ്ടതാണ്.


മലയാള മനോരമ നല്ലപാഠം പദ്ധതി പ്രകാരം പുനലൂർ വിഎയുപിഎസിലെ വിദ്യാർഥികൾ സമാഹരിച്ച ഒന്നാം ഘട്ട ധനസഹായമായ 70,000 രൂപ സ്കൂൾ ലോക്കൽ മാനേജർ റവ. പി. ഫിലിപ്പ് സരിതയ്ക്കു കൈമാറുന്നു.

കുട്ടികളുടെ നന്മപാഠം നാട് കൺതുറന്നു കാണട്ടെ



# നിർവ്വഹണം

- ഓരോ പ്രവർത്തനത്തിനും ചുമതലയുള്ള അദ്ധ്യാപകർ ആക്ഷൻപ്ലാൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.
- ജൂലൈ 15ന് മുമ്പ് ആക്ഷൻപ്ലാൻ പൂർത്തീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
- ഈ വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ട നയരേഖ ജൂൺ അവസാനം സ്കൂൾ പി.റ്റി.എ. പൊതുയോഗം വിളിച്ച് അവതരിപ്പിക്കേണ്ടതാണ്.
- മാർച്ച് അവസാനം അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യപ്രാപ്തി വിലയിരുത്തി സോഷ്യൽ ഓഡിറ്റിംഗ് നടത്തേണ്ടതാണ്.

LIGHTED TO LIGHTEN

V.O.U.P SCHOOL PUNALUR

LIFE SKILL DEVELOPMENT CENTRE


**വി.ഒ.യു.പി.സ്കൂൾ**
പുനലൂർ

പ്ലാച്ചേരി പി.ഒ, കലയനാട്,
പുനലൂർ, കൊല്ലം – 691 331
ഫോൺ : 9447359197